**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ആയിരുന്ന ശ്രീ.ഇഷ്ണൻ എൻ.ഇ യ്ക്ക് 01/05/2017 മുതൽ 15/04/2018 വരെ മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ)നം.879/2019/തസ്വഭവ** **തീയതി, തിരുവനന്തപുരം,24/04/2019.**

---

പരാമർശം:
1) ശ്രീ.ഇഷ്ണൻ എൻ.ഇ യുടെ 08.01.2018 ലെ അവധി അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 03.08.2018 ലെ ഇ 9-37885/2017 നമ്പർ കത്ത്.
3) സ.ഉ(പി)നം. 8/2017/ഉ.ഭ.പ.വ തീയതി, 05.07.2017

## <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ആയിരുന്ന ശ്രീ.ഇഷ്ണൻ എൻ.ഇ എന്നയാൾക്ക് മെഡിക്കൽ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 01.05.2017 മുതൽ 28.08.2017 വരെ 120 ദിവസത്തെ ശൂന്യവേതനാവധി അശമന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ചിരുന്നു. കിഡ്നി സംബന്ധമായ അസുഖത്തെ തുടർന്ന് ശാരീരിക ക്ഷമതയില്ലാത്തതിനാൽ സേവനത്തിൽ നിന്ന് വിരമിക്കുന്ന 31.05.2018 വരെയുള്ള കാലയളവ് വരെ തനിക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനായി ശ്രീ. ഇഷ്ണൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കയുണ്ടായി. ഒരു കലണ്ടർ വർഷത്തെ ആകെ ശൂന്യവേതനാവധി 120 ദിവസത്തിൽ അധികരിച്ച സാഹചര്യത്തിൽ 01.05.2017 മുതൽ 28.08.2017 വരെ അനുവദിച്ച അവധി പഞ്ചായത്ത് സെക്രട്ടറി റദ്ദ് ചെയ്ത് സേവനപുസ്തകത്തിൽ രേഖപ്പെടുത്തുകയും 01.05.2017 മുതൽ 31.05.2018 വരെയുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും പഞ്ചായത്ത് ഡയക്ടറുടെ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. അസുഖബാധിതനായിരുന്ന ശ്രീ.ഇഷ്ണൻ 15.04.2018 തീയതിയിൽ മരണപ്പെട്ടു. മേൽ സാഹചര്യത്തിൽ ടിയാന്റെ ശൂന്യവേതനാവധി ക്രമവൽക്കരിക്കുന്നതിനായി അവധി അപേക്ഷയും അനുബന്ധരേഖകളും അനുകൂല ശുപാർശയോടെ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (3) ലെ ഉത്തരവ്, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കുള്ള വിശേഷാൽ ചട്ടം 14(b) എന്നിവ പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പ്രത്യേക സാഹചര്യങ്ങളിൽ/മെഡിക്കൽ ആവശ്യങ്ങൾക്ക് അനുവദിക്കാവുന്ന ശൂന്യവേതനാവധിയുടെ പരിധി 240 ദിവസമാണ്. 15/04/2018 ന് മരണമടഞ്ഞിട്ടുള്ള ശ്രീ. ഇഷ്ണന് 01.05.2017 മുതൽ 15/04/2018 വരെയുള്ള കാലയളവിൽ 2017 വർഷം 245 ദിവസവും 2018 വർഷം 105 ദിവസവും വീതമാണ് അവധി

അനുവദിക്കേണ്ടത്. മെഡിക്കൽ ആവശ്യങ്ങൾക്ക് 240 ദിവസംവരെയുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിന് മാത്രമേ ചട്ടപ്രകാരം വ്യവസ്ഥയുള്ളൂവെങ്കിലും ഇത് മാനുഷിക പരിഗണന അർഹിക്കുന്ന ഒരു കേസാണ് എന്നു കാണുന്നു.

മേൽ സാഹചര്യത്തിൽ ശൂന്യവേതനാവധി അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അശമന്നൂർ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ആയിരുന്ന മരണപ്പെട്ട ശ്രീ ഇഷ്ണൻ എൻ.ഇ ക്ക് പരാമർശം (3) ലെ ഉത്തരവ്, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കുള്ള വിശേഷാൽ ചട്ടം 14(b) എന്നിവയുടെ ആനുകൂല്യം അനുവദിച്ച് കൊണ്ടും പ്രത്യേക മാനുഷിക പരിഗണന നല്കി ടി ചട്ടങ്ങളിൽ ഇളവനുവദിച്ചുകൊണ്ടും 2017 കലണ്ടർ വർഷം 245 ദിവസവും 2018 കലണ്ടർ വർഷം 105 ദിവസവും 01.05.2017 മുതൽ 15.04.2018 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, അശമന്നൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ ഐ.കെ.എം ( തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഓഫീസ് പകർപ്പ് (ഇപിഎ 2/171/2018/തസ്വഭവ)/ കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

Danya M

സെക്ഷൻ ഓഫീസർ